പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4979 27 – 06-2019-ൽ മറുപടിക്ക്.

## സി-ഡിറ്റിൽ ധനകാര്യ വിജിലൻസ് സംവിധാനം

ചോദ്യം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കോടിക്കണക്കിന് രൂപയുടെ അക്കൗണ്ട്സ് കൈകാര്യം ചെയ്യുന്ന സി-ഡിറ്റിൽ ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് മേധാവിയായി ആരെയാണ് നിയമിച്ചിട്ടുള്ളതെന്നും പ്രസ്തുത ഉദ്യോഗസ്ഥന്റെ യോഗ്യത എന്തൊക്കെയാണെന്നും വെളിപ്പെടുത്തുമോ ; | (എ) | സി-ഡിറ്റിലെ ഡെലിഗേഷൻ ഓഫ് പവേഴ്സ് പ്രകാരം എല്ലാ പ്രവർത്തനാധികാരങ്ങളും രജിസ്ട്രാറിൽ നിക്ഷിപ്തമാണ്. എന്നാൽ അക്കൗണ്ടിന്റെ ചുമതലയുള്ള സിനീയർ മാനേജർ (ഫിനാൻസ് ആന്റ് അക്കൗണ്ട്സ് )-ന്റെ അധിക ചുമതല താൽകാലികമായി ഡോ. വി. ഗോവിന്ദരുവിനാണ് നൽകിയിട്ടുള്ളത്. ഡോ. വി. ഗോവിന്ദരു സയൻസിൽ ഡോക്ടറേറ്റ് നേടിയിട്ടുള്ളയാളാണ്. |
| (ബി) | മലയാള ഭാഷ വിദഗ്ധനെ ഈ തസ്തികയുടെ ചുമതല നൽകിയത് ഏത് സാഹചര്യത്തിലാണ്; വ്യക്തമാക്കാമോ; | (ബി) | മലയാള ഭാഷ വിദഗ്ധന് ചുമതല നൽകിയിട്ടില്ല. |
| (സി) | സി-ഡിറ്റിന് ലഭിച്ച പ്രോജക്ടുകൾ മറ്റ് സ്വകാര്യ ഏജൻസികൾക്ക് പുറം കരാർ നൽകുന്നതിനുള്ള വ്യവസ്ഥകളും സാമ്പത്തിക ഇടപാടുകളും പരിശോധിച്ച് അംഗീകാരം നൽകുന്നതിനായി ഒരു ധനകാര്യ വിജിലൻസ് സംവിധാനത്തിന് സി-ഡിറ്റിൽ രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ